14657

വൈ(1)/35002/2011/ഡി.പി.ഐ

പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 18/10/2011

## സർക്കുലർ

**വിഷയം;**-2011-12 വ ർഷത്തെ ഉപില്ലാ റവന്യൂജില്ലാ സംസ്ഥാന തല ഗണിത ശാസ്ത്ര മത്സരങ്ങൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.

21-10-11

**സൂചന;**-

2011-12 വർഷത്തെ ഉപജില്ലാ.റവന്യൂജില്ലാ തല മൽസരങ്ങൾ സംഘടിപ്പിക്കുമ്പോൾ ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**(1) സ്ക്കൂൾ ഉപജില്ലാ,റവന്യൂജില്ലാ തലങ്ങളിൽ നടത്തേണ്ട ഗണിതശാസ്ത്ര ക്വിസ്സ്**

സ്ക്കൂൾ തലത്തിൽ UP,HS,HSS/VHSS വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തേണ്ട ഗണിത ശാസ്ത്ര ക്വിസ്സ് മൽസരം ഒക്ടോബർ 25 ന് മുൻമ്പ് നടത്തേണ്ടതും,ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനത്തിന് അർഹരാകുന്ന കുട്ടികളുടെ പേര് വിവരം അന്ന് തന്നെ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറെ അറിയിക്കേണ്ടതുമാണ്. മൽസരത്തിന് വേണ്ട ചോദ്യപ്പേപ്പറുകൾ അതാത് സ്ക്കൂളിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

ഉപജില്ലാ തല ക്വിസ്സ് മൽസരം ഒക്ടോബർ 30 ന് മുൻപ് നടത്തേണ്ടതാണ്. ഓരോ വിഭാഗത്തിലും ഒന്നും,രണ്ടും,സ്ഥാനങ്ങൾ ലഭിക്കുന്നവരുടെ പേര് വിവരം അന്നുതന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിക്കേണ്ടതാണ്. മൽസരത്തിന് വേണ്ടി ചോദ്യപേപ്പറുകൾ റവന്യൂജില്ലാ തലത്തിൽ നിന്നും വാങ്ങേണ്ടതാണ്.

റവന്യൂ ജില്ലാതല മൽസരം നവംബർ 22 ന് തന്നെ നടത്തണം. രജിസ്ട്രേഷൻ പൂർത്തിയാക്കി എൽ.പി.വിഭാഗ മൽസരം രാവിലെ 10.30 മണിയ്ക്കും, യു.പി വിഭാഗ മൽസരം 11.30 മണിയ്ക്കും, എച്ച്.എസ്സ് വിഭാഗങ്ങളുടെ മൽസരം ഉച്ചയ്ക്ക് 1.30 നും .എച്ച്.എസ്സ്എസ്സ് വിഭാഗം 2.30 നും യഥാക്രമം നടത്തേണ്ടതാണ്. ടി മൽസരത്തിനുളള ചോദ്യപ്പേപ്പറുകളും,മൾട്ടിമീഡിയ CD യും വിദ്യാഭ്യാസ ഡയറക്ടർ ആഫീസിൽ നിന്നും

അയച്ചുതരുന്നതാണ്. മൾട്ടിമീഡിയ പ്രസൻ്റേഷനു വേണ്ട ക്രമീകരണങ്ങൾ നേരത്തെ തന്നെ നടത്തേണ്ടതാണ്. സംസ്ഥാനത്ത് ഒട്ടാകെ ഒരേ ചോദ്യപ്പേപ്പർ ആയതിനാൽ മൽസരങ്ങളുടെ തീയതിയും സമയവും കൃത്യമായും പാലിക്കേണ്ടതാണ്.

**(2) <u>ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ</u>**

ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷന്റെ വിഷയം **ത്രികോണവും ബഹുഭുജവും പിന്നെ വൃത്തവും (Triangle, Polygon then Circles)** ടി മത്സരം എച്ച്.എസ്സ്. വിഭാഗത്തിന് മാത്രം നടത്തേണ്ടതാണ്. നിയമാവലികളിൽ മാററമില്ല. മൽസരത്തിൽ പരമാവധി 5 ചാർട്ട്/മോഡൽ/മൾട്ടിമീഡിയ പ്രസന്റേഷൻ ഉപയോഗിക്കാവുന്നതാണ്.

റവന്യൂ ജില്ലാതലം വരെയുള്ള പേപ്പർ പ്രസന്റേഷൻ ഡിസംബർ 10 ന് മുൻമ്പ് പൂർത്തിയാക്കേണ്ടതാണ്.

(3) **<u>ഭാസ്കാരാചാര്യ സെമിനാർ</u>:-**

പ്രസ്തുത മത്സരം വിദ്യാലയതലം മുതൽ റവന്യൂ ജില്ലാതലം വരെയാണ്. നിയമാവലികളിൽ മാററമില്ല. മൽസരവിഷയം UP വിഭാഗത്തിന് **ഭാഗവും മടങ്ങും (Parts and multiples)** . HS വിഭാഗത്തിന് **സംഖ്യകളുടെ വളർച്ച (Developments of Numbers)** . HSS/VHSS വിഭാഗത്തിന് **Circles and other conics.**

**(4) <u>ടീച്ചിംഗ് എയിഡ്;-</u>**

ടീച്ചിംഗ് എയിഡിന് ഇഷ്ടമുള്ള വിഷയം തിരെഞ്ഞെടുക്കാവുന്നതാണ്. തെരെഞ്ഞെടുത്ത വിഷയം CO based ആയിരിക്കണം. പ്രൈമറി, എച്ച്.എസ്, എച്ച്.എസ്സ്.എസ്സ്/വിഎച്ച്എസ്എസ്. എന്നിങ്ങനെ 3 വിഭാഗങ്ങളിലായാണ് മത്സരം നടക്കുന്നത്.

**(5) <u>മാഗസീൻ മൽസരം;-</u>**

മാഗസീൻ മൽസരം LP/UP വിഭാഗക്കാർക്ക് റവന്യൂജില്ലാ തലം വരെ മാത്രമായിരിക്കും. HS,HSS/VHSS വിഭാഗത്തിന് സംസ്ർഥാനതലം വരെയും മൽസരം ഉണ്ടായിരിക്കുന്നതാണ്. പുറംചട്ട ഉൾപ്പെടെ 50 പേജിൽ കവിയാൻ പാടുള്ളതല്ല. മാഗസീൻ ബൈൻഡ് ചെയ്യുമ്പോൾ സ്പൈറൽ ബൈൻഡിംഗ് പാടില്ല.

**(6) <u>ഗണിതശാസ്ത്ര മേള;-</u>**

ഗണിതശാസ്ത്രമേളയുടെ ഉപജില്ലാതല മത്സരങ്ങൾ ഒക്ടോബർ 30 ന് മുമ്പും റവന്യൂജില്ലാതല മത്സരങ്ങൾ നവംബർ 11 ന് മുമ്പും നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്.

റവന്യൂ ജില്ലാ തല മൽസര വിജയികളുടെ പേരു വിവരം ചുവടെ ചേർത്തിരിക്കുന്ന വിലാസത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കൈയ്യൊപ്പോടുകൂടി RDMCA സെക്രട്ടറിമാർ അയച്ചുതരേണ്ടതാണ്.

**ശ്രീമതി.ലൈലാബീവി. എം**

**ഡി.ഇ.ഒ(QIP)**

**വിദ്യാഭ്യാസഡയറക്ടറേറ്റ്**

**ജഗതി, തൈക്കാട്(പി.ഒ), തിരുവനന്തപുരം-695 014.**

വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവരവരുടെ അധികാര പരിധിയിലുള്ള എല്ലാ സ്കൂളുകളുടേയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്..

സംസ്ഥാന തല ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ മൽസരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള തിരിച്ചറിയൽ കാർഡിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

മൽസരത്തിന്റെ സ്ഥലവും,തീയതിയും പിന്നീട് അറിയിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസഡയറക്ടർക്കുവേണ്ടി**

**പകർപ്പ്;-**

(1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
( പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അവരവരുടെ അധികാരപരിധിയിലുള്ള എല്ലാ എ.ഇ.ഒ മാർക്കും നൽകേണ്ടതാണ്)

(2) എല്ലാ RDMCA സെക്രട്ടറിമാർക്കും (സെക്രട്ടറിമാർ-സബ് ജില്ലാ സെക്രട്ടറിമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്

(3) ആഫീസ്സ് കോപ്പി& കരുതൽ ശേഖരം

പുറത്തെഴുത്ത് കത്ത് നം. F3/13941/2011 തി. 10.11

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും RDMCA സെക്രട്ടറിക്കും അറിവിലേക്കും തുടർനടപടികൾക്കായി നൽകുന്നു.

To
1) എല്ലാ AEO മാർക്കും
2) RDMCA സെക്രട്ടറി.

24.X.11
വിദ്യാ. ഉപഡയറക്ടർ.

24/10/2011

94/12

# IDENTITY CARD

Name of Revenue District ........................................

(Photo)

| | | |
|---|---|---|
| 1. | Name of Competition. | **Sreenivasa Ramanujan Paper Presentation - 2018** |
| 2. | Place of Winner. | **First / Second** |
| 3. | Name of Participant. | |
| 4. | Standard | |
| 5. | Name of School. | |
| 6. | Centre No. | |
| 7. | Name of Educational District. | |
| 8. | Remarks. | |

**Two Identification Marks:**

(1) ........................................................................

(2) ........................................................................

**Signature of Participant** (School Seal) **Name and Signature of the Headmaster**

Countersigned by

(Office Seal) **Name and Signature of the Deputy Director of Education**